**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1681** **05-07-2022 - ൽ മറുപടിയ്ക്ക്**

**പൂപ്പാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ ശാന്തൻപാറ പൂപ്പാറ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (എ) | ശാന്തൻപാറ, പൂപ്പാറ സർക്കാർ കോളേജിന് കെട്ടിടം നിർമ്മിക്കുന്ന തിനായി 06.01.2022 തീയതിയിലെ സ.ഉ (സാധാ) നം. 36/2022/ഉ.വി.വ ഉത്തരവ് പ്രകാരം 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടും കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ വൈകുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ; | (ബി) | കോളേജിന്റെ കെട്ടിടം നിർമ്മി ക്കുന്നതിന് മുൻപായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കോളേജിന്റെ ഭാവി വികസനത്തിന് ഉപയോഗപ്രദമാണ്. കൂടാതെ കോളേജിന് ഇപ്പോൾ ലഭിച്ചിരിക്കുന്ന ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനും കൃത്യമായ ആസൂത്രണത്തോടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ആയത് സഹായകമാകും. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. ആയത് തയ്യാറാക്കി കെട്ടിടം നിർമ്മിക്കേണ്ട സ്ഥാനം നിർണയിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണം അടിയന്തരമായി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | കോളേജിന്റെ കെട്ടിടം നിർമ്മി ക്കുന്നതിന് മുൻപായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കോളേജിന്റെ ഭാവി വികസനത്തിന് ഉപയോഗപ്രദമാണ്. കൂടാതെ കോളേജിന് ഇപ്പോൾ ലഭിച്ചിരിക്കുന്ന ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനും കൃത്യമായ ആസൂത്രണത്തോടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ആയത് സഹായകമാകും. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. ആയത് തയ്യാറാക്കി കെട്ടിടം നിർമ്മിക്കേണ്ട സ്ഥാനം നിർണയിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ